**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**05 OCTOBER 2018**
**(25 MUHARRAM 1440 AH)**

# “INVOCATIONS (DUAHS) IN ISLAM”.
# ഇസ്ലാമിലെ പ്രാർത്ഥനകൾ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയശേഷം **ഇസ്ലാമിലെ പ്രാർത്ഥനകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! പ്രാർത്ഥനകൾ എന്ന വിഷയത്തിന്റെ രണ്ടാം ഭാഗം ഖുത്തുബ നിർവ്വഹിക്കുന്നതിനുള്ള അവസരം അല്ലാഹു(ത) എനിക്ക് നല്കിയിരിക്കുന്നു, 2018 സെപ്തംബർ 7-ാം തീയതിയാണ്, ഈ വിഷയത്തിന്റെ 1-ാം ഭാഗം അവതരിപ്പിച്ചത്.

പ്രാർത്ഥന (അതായത് ഈ സന്ദർഭത്തിൽ അല്ലാഹുവിനോട് ചെയ്യുന്ന പ്രാർത്ഥന) ഒരു വഴിയാണ്, പരമോന്നതനായ അല്ലാഹുവിൽ നിന്നും, സവിശേഷമായ അവന്റെ അധികാരത്തിൽ നിന്നും, ലഭിക്കുന്ന ഒരു വഴിയാണത്. അതായത് അവൻ കേൾക്കുന്നു, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നു, നാം സമർപ്പിക്കുന്ന വാക്കിന്റെ വിശാലർത്ഥത്തിൽ തന്നെ! വിനയാന്വിതമായ പ്രസ്തുത അർത്ഥന, അവനോടുമാത്രമായിരിക്കുക എന്നത്, അവന്റെ മാത്രം അവകാശത്തിൽപ്പെട്ടതാണ്. പ്രസ്തുത പ്രാർത്ഥന ഒരു ഘടകമാണ്. അത് ഒരു പക്ഷേ നമ്മുടെ വിധിയെതന്നെ മാറ്റിയേക്കാം. അല്ലെങ്കിൽ വിധിയെ തന്നെ ബാധിക്കുന്നതാകാം. നിശ്ചയമായും അല്ലാഹു(ത) എല്ലായ്പോഴും “മനുഷ്യനോട് വളരെ സമീപത്താണ്” അവന്റെ ജീവനാഡിയേക്കാളും (സമീപത്താണ്) വിശുദ്ധ ഖുർആനിലെ ഒരു വചനത്തിലൂടെ അവൻ വിശദീകരിക്കുന്നതുപോലെ! (50 :17)

മനുഷ്യൻ, എപ്പോഴും അവന്റെ ശ്രദ്ധ വ്യതിചലിക്കുന്നതാണ്. എളുപ്പത്തിൽ സാത്താന്റെ ഇരയായിതീരുന്നതുമാണ്. അങ്ങനെ അവന്റെ സൃഷ്ടാവുമായുള്ള സമീപസ്ഥിതിയാകുന്ന നേട്ടം അവന് നഷ്ടപ്പെടുന്നു. നേർപാതയിൽ നിന്നും വഴിമാറി അവൻ സഞ്ചരിക്കുന്നതുമൂലമാണത്.

പ്രസ്തുത പാത സർവ്വശക്തനായ ദൈവത്തിൽ നിന്നും തികച്ചും വിപരീതമായ പാതയാകുന്നു. പ്രസ്തുത വ്യതിചലനത്തിൽ നിന്നും രക്ഷപെടുവാൻ, ഇസ്ലാമിക ശരിഅത്ത് പ്രത്യേകമായ ശ്രദ്ധ കൊടുക്കുകയും, അതിനെ പ്രതിരോധിക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യുന്നു. (അതായത്, പ്രസ്തുത വിടവ്/ശ്രദ്ധ തിരിച്ചുവിടൽ/ ആത്മീയ വൈകല്യം) മറികടക്കുവാൻ, ദുആയെ കൂട്ടുപിടിക്കുക, വിവിധ സമയങ്ങളിലും, വിശ്വാസിയുടെ ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിലും പ്രത്യേകമായ പ്രാർത്ഥന നിഷ്ക്കർഷിച്ചിരിക്കുന്നു. അക്കാരണത്താൽ പരമോന്നതനായ ദൈവവുമായി അവൻ കൂടുതൽ ബന്ധപ്പെടുന്നതിന്, കൂടുതലായി ബോധവാനായിരിക്കുന്നതിന് ഈ നിഷ്കർഷ അവനെ സഹായിക്കുന്നു. ഉദാഹരണത്തിന് ഉറങ്ങുവാൻ പോകുന്നതിന് മുൻപ് ഒരു പ്രാർത്ഥന നിഷ്കർഷിച്ചിരിക്കുന്നു. അതുപോലെ അതിരാവിലെ ഉണരുമ്പോൾ മറ്റൊരു പ്രാർത്ഥന! ഭക്ഷണം കഴിക്കുമ്പോൾ ഒരു പ്രാർത്ഥന, ഭക്ഷണം കഴിച്ചുകഴിയുമ്പോൾ ഒരു പ്രാർത്ഥന! കുളിമുറിയിൽ നിന്ന് പുറത്തുവരുന്നതിന് മുൻപ് ഒരു പ്രാർത്ഥന, വീട്ടിൽ നിന്ന് പുറത്തേക്കുപോകുമ്പോൾ ഒരു പ്രാർത്ഥന! അങ്ങനെ മറ്റനേകം പ്രാർത്ഥനകൾ! ചുരുക്കത്തിൽ മനുഷ്യജീവിതത്തിന്റെ ഓരോ അവസ്ഥയിലും സാഹചര്യത്തിലും ഓരോ ദുആ! ഏത് സമയത്തായാലും ശരി ഒരു പ്രവർത്തി ആരംഭിക്കുമ്പോൾ ബിസ്മില്ലാഹ് എന്നതിനേക്കാൾ ശ്രേഷ്ഠമായ പ്രാർത്ഥന മറ്റെന്താണുള്ളത്?

ബഹുമാനാദരവോടെയുള്ള ഭയത്താൽ ഒരു വിശ്വാസി അവനോട(ദൈവത്തോട്) പ്രാർത്ഥിക്കുവാൻ അവനെ പ്രേരിപ്പിക്കേണ്ടതാണ്. അല്ലെങ്കിൽ അവന്റെ വ്യക്തിപരമായ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി അവനോട് പ്രാർത്ഥിക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പരമോന്നതനായ അല്ലാഹു അവനോട് പ്രാർത്ഥിക്കുവാൻ, അവൻ തന്നെ ആഹ്വാനം ചെയ്യുന്നു. മതപരമായ ആഭിമുഖ്യത്തോടെ, നല്ല താത്പര്യത്തോടെ! (അതായത്, താനെന്ന ഭാവമില്ലാതെ, അഥവാ ഇനി പ്രാർത്ഥനയിൽ അവന് പ്രത്യേകമായ മാധുര്യം ലഭിക്കുന്നില്ലെങ്കിൽ തന്നെ, അവൻ പ്രാർത്ഥിക്കുവാൻ കഠിനമായി യത്നിക്കട്ടെ, അങ്ങനെ ആയാൽ ഒരിക്കൽ പ്രസ്തുത ആരാധനയിൽ അവന് മധുരം നുകരുവാൻ സാധിക്കുന്നതാണ്) അല്ലാഹു(ത) പ്രത്യേകം സൂചിപ്പിക്കുന്നു. (അതായത് പരിഹസിച്ചു പറയുന്നു) അവർ സ്വയം പ്രയാസങ്ങളിൽ ചെന്നുപെടുമ്പോൾ, രക്ഷപ്പെടുവാനായി അവർ താണുവീണ് അപേക്ഷിക്കുന്നു. എന്നാൽ അവൻ അവരുടെ പ്രയാസങ്ങൾ നീക്കം ചെയ്തു കഴിഞ്ഞാൽ വളരെ പെട്ടെന്നു തന്നെ അവർ അവനെ മറന്നുകളയുന്നു.

മനുഷ്യനെ വല്ല വിഷമവും ബാധിച്ചാൽ അവൻ തന്റെ നാഥനി

ലേക്ക് (പശ്ചാത്താപിച്ച്) മടങ്ങിക്കൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുന്നു. പിന്നീട് അവൻ (അല്ലാഹു)തന്റെ പക്കൽ നിന്ന് വല്ല അനുഗ്രഹവും അവനു ലഭിച്ചാൽ മുമ്പ് അവൻ ഏതൊന്നിനു വേണ്ടി പ്രാർത്ഥിക്കുകയാ യാരുന്നുവോ അത് അവൻ മറന്നു പോകുന്നു. അവന്റെ(അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് (ജനങ്ങളെ) വഴി തെറ്റിക്കുന്നതിനു വേണ്ടി അവൻ അല്ലാഹുവിന് തുല്യശക്തികളെ നിശ്ചയിക്കുന്നു (39:9)

പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) യുടെ ചര്യയനുസരിച്ച്, ഹദീസുകളുടെ അധ്യാപനമനുസരിച്ച്, മുസ്ലിംകളോട് എപ്പോഴും പരമോന്നതനായ ദൈവത്തോട് പ്രാർത്ഥിക്കുവാൻ അതു ഉപദേശിക്കുന്നു. പ്രസ്തുത പ്രാർത്ഥന അവർക്കുവേണ്ടിയും, മതത്തിലെ അവരുടെ സഹോദരീ സഹോദരിന്മാർക്കു വേണ്ടിയും, അങ്ങനെ വരുമ്പോൾ അവർക്കുംകൂടി ദൈവീകാനുഗ്രഹം ലഭിക്കുന്നതാണ്, അവർക്കു മാത്രമല്ല, അവരുടെ സന്താനങ്ങൾക്ക് വേണ്ടിയും, അവരുടെ രക്ഷിതാക്കൾക്ക് വേണ്ടിയും, അവരുടെ രക്തബന്ധുക്കൾക്ക് വേണ്ടിയും, വൈവാഹിക ബന്ധത്തിലൂടെയുള്ള ആളുകൾക്കും, അവരുടെ അയൽവാസികൾക്ക് വേണ്ടിയും സഹപൗരന്മാർക്ക് വേണ്ടിയും, മുസ്ലിം സമുദായത്തിനു വേണ്ടിയും, സർവ്വോപരി മാനവസമുദായത്തിന് വേണ്ടിയും പ്രാർത്ഥിക്കുക. ഇപ്രകാരം ചെയ്യുന്നതിലൂടെ, ഒരു മുസ്ലിംമിൽ, താനെന്ന വികാരത്തിനുപരിയായി, തന്റെ സമസൃഷ്ടികളുടെ ശ്രേയസ്സിനു വേണ്ടിയും പ്രയത്നിക്കുന്നവനാക്കി മാറ്റുവാൻ ഇസ്ലാം അവരെ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. അതിലൂടെ ഇസ്ലാം മാനവസമുദായത്തിൽ ഒരു സഹോദര്യബന്ധം ഊട്ടിഉറപ്പിക്കുകയാണ് ചെയ്യുന്നത്. തന്റെ കാര്യത്തോടൊപ്പം തന്റെ മാനവസഹോദരങ്ങളുടെ നന്മയും അവൻ കാംഷിക്കുന്നു. ഇത്തരം പ്രാർത്ഥന, മറ്റുള്ളവർക്ക് വേണ്ടി ചെയ്യുന്ന ദുആകൾ, അവന്റെ ഞാൻ എന്ന ഭാവത്തെ ഇല്ലാതാക്കികളയുകയും, സമ്പൂർണ്ണമായ പരക്ഷേമകാംക്ഷ അവൻ നേടുകയും ചെയ്യുന്നു, അത് അവനെ തന്നെക്കാൾ മറ്റുള്ളവർക്ക് മുൻഗണന കൊടുക്കുവാൻ പ്രേരിപ്പിക്കുന്നു. പ്രാപ്തനാക്കുന്നു.

ഇതു സംബന്ധമായി നമുക്ക് സമർപ്പിക്കുവാൻ കഴിയുന്ന ഏറ്റവും ഹൃദയസ്പുക്കായ സംഭവം, മാതൃക ഇതാണ്. അതായത് പരിശുദ്ധപ്രവാചകൻ മുഹമ്മദ്(സ) യുടെ പുത്രീ ഫാത്തിമത്തുസ്സ്ഹ്റാ (റ) യുടെ പുത്രൻ ഇമാം അൽഹസ്സൻ ഇബ്നുഅലി(റ) പറഞ്ഞു. അവർ തന്റെ മാതാവ് രാത്രി മുഴുവൻ അല്ലാഹുവിനെ ആരാധിക്കുന്നതിൽ മുഴുകി കഴിഞ്ഞു. അവർ വിശ്വാസികൾക്ക് വേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. പ്രസ്തുത പ്രാർത്ഥനയിൽ അവർക്കു വേണ്ടി ഒന്നും തന്നെ ചോദിച്ചില്ല. ഇതു സംബന്ധമായി ഞാൻ അവരോട് (മാതാവിനോട്) ചോദിച്ചപ്പോൾ, നിങ്ങൾ എന്തു

കൊണ്ടാണ് നിങ്ങൾക്ക് വേണ്ടി ഒന്നും പ്രാർത്ഥിക്കാത്തത്? അവർ മറുപടിയായി പറഞ്ഞു. അയൽവാസി (മറ്റുള്ളവർ)ക്ക് വേണ്ടി പ്രാർത്ഥിക്കുന്നതാണ്, ദൈവത്തിന് കൂടുതൽ പ്രിയങ്കരം, സ്വന്തം നഫ്സിന് വേണ്ടി പ്രാർത്ഥിക്കുന്നതിനെക്കാൾ

എന്തുകൊണ്ടാണ് അല്ലാഹു(ത) ഒരു വിശ്വാസി തന്റെ സഹോദരീസഹോദരന്മാർക്ക് വേണ്ടിയും മരണപ്പെട്ടവർക്ക് വേണ്ടിയും പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടത്? സാധാരണ നിലയിൽ അവൻ (ദൈവം) സ്വയം തന്നെ ജനങ്ങളുടെ സഹായത്തിനായി വരാവുന്നതാണല്ലോ, മറ്റൊരു ദാസന്റെ പ്രാർത്ഥന ഇടപ്പെടൽ കൂടാതെ തന്നെ.

സംശയലേശമന്യേ, ഇസ്ലാം ലക്ഷ്യം വെയ്ക്കുന്നത്, വിശ്വാസികളുടെ മൂല്യബോധത്തെ വളർത്തി എടുക്കലാണ്. അതിശക്തവും, അത്യാവശ്യവുമായ മൂല്യബോധം! ഈ മൂല്യബോധം ഉടലെടുക്കേണ്ടത് ഉള്ളിൽ നിന്നുമാകുന്നു. പ്രഭാഷണങ്ങളിലൂടെ ഉള്ളിലേക്ക് കടത്തിവിടുന്നതിലുപരി, ഇത് ഉള്ളിൽ തന്നെ ഉണ്ടാക്കേണ്ടതാണ്. പ്രഭാഷണങ്ങൾ ഗ്രഹിക്കുവാൻ പ്രയാസകരം തന്നെ, കാരണം ഇത് പുറമെ നിന്ന് വരുന്നതാണ്.

തീർച്ചയായും മനുഷ്യൻ, ജീവിക്കുവാൻ അത്യാവശ്യമായ പ്രയത്നം, അത്യാവശ്യമായും പൂർണ്ണമായും ചെയ്യേണ്ടതുണ്ട്. അതിനായി ജോലിചെയ്യണം, ഒരു കുടുംബം കെട്ടിപടുക്കണം, കുഞ്ഞുങ്ങളെ വളർത്തി വലുതാക്കേണ്ടാതായിട്ടുണ്ട്, ഒറ്റവാക്കിൽ പറഞ്ഞാൽ ഈ ഭൂമിയിൽ ജീവിക്കുവാൻ, ജീവിതത്തിലുട നീളം ജോലിചെയ്യേണ്ടതുണ്ട്. അപ്പോൾ മനുഷ്യൻ ഒരു പ്രവർത്തിയും ചെയ്യാതെ ഇരിക്കുന്നവനാകാൻ പാടില്ല. കാത്തിരുന്നു കാണാം എന്ന മാനസികാവസ്ഥയിൽ കഴിയേണ്ടവനുമല്ല. പൂർണ്ണമായും ഒന്നും ചെയ്യാതെ, പരമോന്നതനായ അല്ലാഹുവിനെ മാത്രം ആശ്രയിച്ച്, ദുആയിലൂടെ അവന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുന്നതാണ് എന്ന് കരുതി കർമ്മരഹിതനായി ഇരിക്കുവാൻ അതു പഠിപ്പിക്കുന്നില്ല.

പരമോന്നതനായ അല്ലാഹുമായുള്ള അവന്റെ ആശ്രിതത്വം, അവൻ തീർച്ചയായും മനസ്സിലാക്കേണ്ടതാണ്. സമ്പൂർണ്ണ അധികാരിയായ അല്ലാഹുവിന്റെ മുൻപിലുള്ള തന്റെ നിസ്സാഹായവസ്ഥയും അവൻ അറിയണം. ഇക്കാരണത്താലാണ്, മനുഷ്യൻ കഠിനമായി ഈ ഭൂമിയിൽ അധ്വാനിക്കണമെന്ന് പറയുന്നത്, അതേ സമയം തന്റെ സൃഷ്ടാവിനോട് കേണപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെയായാൽ അവന്റെ ഏറ്റവും സമീപത്തുള്ള ആവശ്യങ്ങളും വളരെ വിദൂരതയിലുള്ള ആവശ്യങ്ങളും നിറവേറ്റുന്നതാണ്. അവന്റെ ഭൗതികവും ആത്മീയവുമായ പ്രതീക്ഷകൾ നിറവേറ്റുന്നതാണ്. വിശിഷ്യാ അവൻ ഇഹലോകത്തും നാളെ പരലോകത്തും തന്റെ മോക്ഷം കണ്ടെത്തുന്നതാണ്.

ഒരു വിശ്വാസി തന്റെ പ്രാർത്ഥനയിലൂടെ എന്താണ് ആവശ്യപ്പെടേണ്ടത്? ശാന്തമായും, സ്വാത്വികമായും അവന് ജീവിക്കുവാൻ സഹായമായതെന്നു കരുതുന്ന എന്തും അവന് ആവശ്യപ്പെടാവുന്നതാണ്. അവന്റെ നിത്യജീവിത വിഭവങ്ങൾ, നല്ല ആരോഗ്യം, സൗഭാഗ്യം, നല്ല പെരുമാറ്റം, അങ്ങനെ പലതും അവന് ആവശ്യപ്പെടാവുന്നതാണ്. ഒരു വിശ്വാസി, തന്റെ വിശ്വാസത്തിൽ, ഉറപ്പുള്ളവനായിരിക്കണം, അതായത് അല്ലാഹു(ത) അവന്റെ പ്രാർത്ഥനകൾ കേൾക്കുന്നവനാണ് എന്ന്! അവന്റെ രക്ഷയ്ക്ക് സമയമാകുമ്പോൾ, അവൻ തീർച്ചയായും എത്തുന്നവനാണ് എന്ന് അവൻ ദൃഢമായി വിശ്വസിച്ചിരിക്കണം.

ഒരു മനുഷ്യന്റെ ആശയം വളരെ തെറ്റാണ്, തന്റെ ജീവിതത്തിൽ ഒരു പ്രവർത്തിയും ചെയ്യാതെ ഇരിക്കുക, എന്നിട്ട് അല്ലാഹു(ത) അവന്റെ ഭൗതികവും ആത്മീയവുമായ എല്ലാ കാര്യങ്ങളും നിറവേറ്റികൊടുക്കുന്നതാണ്. (ഇത് വളരെ തെറ്റായ ആശയമാണ്) ഇല്ല, ദൈവീക ദൃഷ്ടാന്തങ്ങൾ ഒരിക്കലും വെറുതെ സംഭവിക്കില്ല, അതുപോലെതന്നെ മനുഷ്യനിലും! എല്ലാ കാര്യങ്ങളും ഉണ്ടാകുന്നതിന് ചില കാരണങ്ങൾ അനിവാര്യമാണ് അല്ലാഹു(ത) അതിന് ഒരു കാരണം വെച്ചിട്ടുണ്ട്. ജീവിതം, മരണം, ജനനം, ആരോഗ്യം, രോഗം, ധനം, ദാരിദ്ര്യം, വിജയം, പരാജയം!അല്ലാഹു(ത) മനുഷ്യനോട് ധർമ്മം സ്ഥാപിക്കുവാനും അധർമ്മം ഇല്ലായ്മചെയ്യുവാനുമായി പോരാടുവാൻ കല്പിച്ചിരിക്കുന്നു. പ്രഭാതത്തിലും പ്രദോഷത്തിലും പ്രാർത്ഥനകളിലൂടെ അവനോട് ചോദിക്കുന്നവർക്ക് അവന്റെ സംരക്ഷണം അവൻ വാഗ്ദാനം ചെയ്യുന്നുണ്ട്.

മനുഷ്യന്റെ പ്രശ്നങ്ങളിൽ നിന്ന് ആശ്വാസം ലഭിക്കുവാൻ പ്രാർത്ഥന അവനെ സഹായിക്കുന്നു. പ്രയാസങ്ങളിൽ നിന്ന് കരേറുവാൻ അവന്റെ പിടിവള്ളിയാണത്. അല്ലാഹു(ത)യോട് നമ്മുടെ പ്രാർത്ഥനകളിലൂടെ പൂർണ്ണമായും ബന്ധം സ്ഥാപിക്കുന്ന അപൂർവ്വ നിമിഷത്തെക്കുറിച്ച് ചിന്തിക്കുക. അത് വലിയവനോ ചെറിയവനോ ആകട്ടെ, പണക്കാരനോ പാപപ്പെട്ടവനോ ആകട്ടെ, മുതലാളിയോ തൊഴിലാളിയോ ആകട്ടെ.. അഥവാ തൊഴിൽ രഹിതനാകട്ടെ, ആരോഗ്യവാനോ, രോഗിയോ ആകട്ടെ വിവാഹിതനോ അവിവാഹിതനോ ആകട്ടെ, സന്താനങ്ങൾ ഉള്ളവനോ, സന്താനങ്ങളില്ലാത്തവനോ ആകട്ടെ, അവരെല്ലാവരും, ഒരേ വരിയിൽ, തോളോടുതോൾ ചേർന്ന്, ഓരോ ജമാഅത്ത് നമസ്ക്കാരങ്ങളിലും, സുജൂദുകളിലും മുഴുവൻ മാനവകുലത്തിനുവേണ്ടി, അല്ലാഹുവിനോട് അവർ പ്രാർത്ഥിക്കുന്നു. ഇത് എത്രമനോഹരമായ ഒരു രംഗമാണ്! ഒരു വിശ്വാസി പുരുഷനാകട്ടെ സ്ത്രീയാകട്ടെ! എവിടെയാണവൻ, എവിടെയാണവൾ? അവന്റെ അഥവാ അവളുടെ സൃഷ്ടാവിന്റെ മുൻപിൽ! ഒരു കുട്ടിയുടെ ആത്മാവോ

ടെ, സംശുദ്ധതയോടെ, നിസ്സാരതയോടെ, സ്വമനസ്സോടെ, നിഷ്ക്കളങ്ക ആത്മാവോടെ വിലപിക്കുന്നു, കേണപേക്ഷിക്കുന്നു, പരാതിപ്പെടുന്നു, പ്രതീക്ഷയോടെ അപേക്ഷിക്കുന്നു, അവന്റെ മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ട് ചിലത് ലഭിക്കുവാനായി യാചിക്കുന്നു. തന്റെ ദൗർബല്യങ്ങളുടെ അളവ് പ്രകടിപ്പിക്കുവാൻ അവനൊരു പ്രയത്നവും ചെയ്യുന്നില്ല, മറിച്ച് അവന്റെ ദൗർബല്യം അവൻ സ്വയം അംഗീകരിക്കുന്നു. കാരണം അത് ദൈവീക തീരുമാനമാണ്. ഭൂമിയിലെ ജീവിത പ്രയാസങ്ങൾ ഒരിക്കലും അവസാനിക്കുന്നതല്ല. പ്രസ്തുത പ്രയാസങ്ങളിൽ ഒരു പരിധിവരെ ദുആ അവന് ആശ്വാസം പകരുന്നു.

ഉപസംഹാരമായി പറയട്ടെ, ദുആ മനുഷ്യനിലെ, ജീവിക്കുന്ന ശക്തി, പുതുക്കുന്ന ഘടകമാണ് (അതായത് വ്യക്തിയിലെ ഊർജ്ജത്തെയും ഇച്ഛാശക്തിയേയും, ഉത്തേജിപ്പിച്ച്, ജീവിതവുമായി മുന്നോട്ടു കുതിക്കുവാൻ പ്രേരിപ്പിക്കുന്നു. നിത്യദുഃഖത്തിൽ അകപ്പെടുന്നതിൽ നിന്നും ദുആ മനുഷ്യനെ രക്ഷിക്കുന്നു. തന്റെ പ്രശ്നങ്ങളിൽ നിന്നും, ഞാനെന്ന ഭാവത്തിൽ നിന്നും കരകയറ്റുന്നു. വ്യക്തിയുടെ അധാർമ്മികതയെ ഉച്ചാടനം ചെയ്ത് വ്യക്തിയുടെ സങ്കീർണ്ണതയെ ഇല്ലായ്മ ചെയ്യുന്നു. പരമോന്നതനായ അല്ലാഹുവിലുള്ള വിശ്വാസം, നാം അർപ്പിക്കുന്ന ഏറ്റവും ചെറിയ ഒരു പ്രാർത്ഥനയിലൂടെ, നമ്മെ ഒരു നിഷ്ക്കളങ്ക വിശ്വാസിയാക്കി മാറ്റുവാൻ സാധിക്കുന്നതാണ്.

ആയതിനാൽ അല്ലെയോ വിശ്വാസികളെ! അല്ലാഹുവിനോട് പ്രാർത്ഥിക്കുക, സ്നേഹത്തോടെയും പ്രതീക്ഷയോടെയും അവനോട് യാചിക്കുക. നിങ്ങളുടെ എല്ലാവിധ നിയമവിധേയമായ കാര്യങ്ങൾക്കും, താത്ക്കാലിക ലോകത്തിലേക്കായാലും ശരി, ശാശ്വതലോകത്തിലേക്കായാലും ശരി! ഇൻശാ അല്ലാഹ്! അല്ലാഹു(ത) നിങ്ങളുടെ സഹായത്തിനെത്തിച്ചേരുന്നതാണ്. നിങ്ങളുടെ ആവലാതികൾ അവൻ കേൾക്കുന്നു. നിങ്ങൾക്കവൻ ഉത്തരം നല്കുന്നു (നിങ്ങളും അഭ്യർത്ഥനകളും ആവശ്യങ്ങളും അവൻ പൂർത്തിയാക്കി തരുന്നു) ഇൻശാ അല്ലാഹ്, ആമീൻ

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 6238065545**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**